വഖഫ് സ്വത്തുക്കളുടെ സർവ്വേ

245 (3399) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് സ്വത്തുക്കളുടെ സർവ്വേ നടത്തുന്നതിന് കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) വഖഫ് സ്വത്തുക്കളുടെ കയ്യേറ്റം തടയുന്നതിനും അവയുടെ സംരക്ഷണത്തിനും എന്തെല്ലാം നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വഖഫ് സ്വത്തുക്കളുടെ സർവ്വേ നടത്തുന്നതിന് സർവ്വേ കമ്മീഷണറെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വഖഫ് സ്വത്തുക്കളുടെ കയ്യേറ്റം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ വഖഫ് ആക്ട് 52, 52A, 54 എന്നീ വകുപ്പുകൾ അനുസരിച്ച് നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

ഹജ്ജ് ഹൗസ് നിർമ്മാണം

246 (3400) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരിയിൽ പുതിയ ഹജ്ജ് ഹൗസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്പോൾ ഹജ്ജ് കമ്മിറ്റിക്ക് സ്വന്തമായുള്ള വാഹനങ്ങൾ ഏതെല്ലാമാണ്;

(സി) ഈ വാഹനങ്ങൾ ആരെല്ലാമാണ് ഉപയോഗിക്കുന്നത്;

(ഡി) ഇവയുടെ ഇന്ധനച്ചെലവ് ആരാണ് വഹിക്കുന്നത്;

(ഇ) സ്വന്തം വാഹനത്തിന് പുറമെ കരാർ അടിസ്ഥാനത്തിൽ വാഹനം ഓടുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) നെടുമ്പാശ്ശേരിയിൽ പുതിയ ഹജ്ജ് ഹൗസ് നിർമ്മിക്കാൻ സംസ്ഥാന ഹജ്ജ് കമ്മിറ്റി മുമ്പാകെ നിർദ്ദേശം ഒന്നുംതന്നെ നിലവിലില്ല.

(ബി) 1. മാരുതി എർട്ടിഗ

2. ഇന്നോവ

LIBRARY ARCHIVES Kerala Legislative Assembly